# അക്കാഡമിക് മാസ്റ്റർ പ്ലാൻ

# 2025 - 26




## സെന്റ്,ജോസഫ്സ് എൽ.പി.എസ്

## ബാലരാമപുരം

# Academic master plan

## STD 1

## English

The goal for the first grader is to handle English fluently. The first grader must go from small words to big words. They must be able to read, write and speak English. Every child should be able to speak English fluently, like Malayalam. We have to keep the language English close to our heart.

The academic master plan is designed to ensure that not a single child goes illiterate.

Objectives and learning outcomes.

- 🌸 Respond to simple instructions in the classroom.
- 🌸 Describe orally about the pictures and objects.
- 🌸 Familiarise with simple words.
- 🌸 Enjoy songs and sings them with Rhythm and action.
- 🌸 Familiarise the names of birds, animals, their young ones and identifies them from pictures.

June

- 🌸 Introduce symbol words.
- 🌸 Provides picture cards.

July

- 🌸 Identify familiar words.
- 🌸 Say familiar words.
- 🌸 Read familiar words.
- 🌸 Write familiar words.

August

- 🌸 Enjoy songs and sings them with Rhythm and action.
- 🌸 Describes orally about pictures and objects using adjectives.

September

- 🌸 Read and write simple words and Simple sentences
- 🌸 Provides picture cards and reading cards.

October

- 🌸 Introduce symbol picture descriptions.
- 🌸 Make word chain, sentence chain.
- 🌸 Make riddles.
- 🌸 Describing words, rhyming words.
- 🌸 Text book activities.

November

- 🌸 Prepare reading cards.
- 🌸 Provide more opportunities to read, right and speak English.
- 🌸 Writes five English words daily.

December

- 🌸 Read and understand simple instructions in the classroom.
- 🌸 Encourage digital reading.

January.

- Enjoy songs and sings them with Rhythm and action.
- Make picture albums.
- Collect pictures of animals and its young ones.

February

- provide the opportunity to express myself in the classroom.
- English assembly once in a  week.

March

- Speaks English fluently.
- Read and write  simple sentences
- Picture reading and picture description.

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഒന്നാം ക്ലാസ്സ്

### മലയാളം

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്ര പുസ്തകം സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടത് ആയിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തനഘട്ടത്തിലൂടെ കുട്ടിയും സുരക്ഷിതാവും അധ്യാപികയും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. ഈ അധ്യയന വർഷത്തിൽ കുട്ടി രക്ഷിതാവ് അധ്യാപകർ മറ്റ് സഹായികൾ ഉൾപ്പെട്ടുകൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികൾ വിലയിരുത്തലിന് സാധ്യത ഒരുക്കി കൊണ്ടാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുള്ളത്.

### ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ / കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകൃഷ്ടരാക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പ്രവർത്തന ലക്ഷ്യങ്ങൾ
- ആത്മവിശ്വാസത്തോടെ സ്വതന്ത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.
- പദയം ഗ്രഹിച്ച് മറ്റ് വ്യവഹാര രൂപങ്ങളിലേക്ക് മാറ്റുന്നതിന് സാധ്യതകൾ ഒരുക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്ര കഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു..
- സ്വന്തമായി എഴുതാനും വായിക്കാനും, വിവിധ രചനകളിൽ ഏർപ്പെടാനും ശേഷിയുള്ളവരായി തീരുന്നു.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ നിർമ്മാണ ശിൽപശാലയിൽ ഏർപ്പെട്ടുകൊണ്ട് സചിത്രപുസ്തകം തയ്യാറാക്കുന്നു.
- രക്ഷിതാവിന്റെയും അധ്യാപകരുടെയും സഹായത്തോടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

### ജൂൺ

പ്രവർത്തനങ്ങൾ

- സചിത്ര നോട്ട്ബുക്ക്, സചിത്ര ആസൂത്രണം, അക്കാദമിക മാസ്റ്റർ പ്ലാൻ എന്നിവ തയ്യാറാക്കൽ.
- സചിത്രഡയറി, സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുക.

🌸 അക്കാദമി മാസ്റ്റർ പ്ലാൻ അവതരണം
🌸 ചിത്ര കാർഡുകൾ, വായന കാർഡുകൾ നിർമ്മാണ ശില്പശാല.
🌸 താളാത്മകമായി ചെറു കവിതകൾ ചൊല്ലൽ.

ജൂലൈ

പ്രവർത്തനങ്ങൾ

🌸 സംയുക്ത ഡയറി എഴുതാൻ സഹായം ഒരുക്കൽ.
🌸 കുട്ടിക്ക് കഥ പറയാൻ അവസരം ഒരുക്കൽ.
🌸 വായന മൂല, ക്ലാസ് ലൈബ്രറി ഒരുക്കൽ.
🌸 രക്ഷിതാവിന്റെ സഹായത്തോടെ സംയുക്ത ഡയറി എഴുതുന്നു.
🌸 പുസ്തകങ്ങൾ തൊട്ടറിയാനും നിരന്തരം എടുത്തു നോക്കാനും അവസരം ഒരുക്കുന്നു.
🌸 ചെറിയ കഥകൾ കേൾക്കാൻ അവസരം ഒരുക്കുന്നു.
🌸 അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കുന്നു.
🌸 ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു. വാചികമായി പറയാനും അവസരം നൽകുന്നു.

ഓഗസ്റ്റ്

പ്രവർത്തനങ്ങൾ

🌸 റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ.
🌸 ഭാഷാ വികസനത്തിന് അവസരം ഒരുക്കുന്നു.
🌸 സംയുക്ത ഡയറി എഴുത്ത് തുടരുന്നു.
🌸 പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
🌸 ഭാഷ ശേഷി വർദ്ധിപ്പിക്കുന്നതിനായി അക്ഷരപ്പാട്ടുകൾ ചിത്ര വായന കാർഡുകൾ
🌸 എന്നിവ തയ്യാറാക്കുന്നു അവതരിപ്പിക്കുന്നു.
🌸 രചനോത്സവത്തിൽ കുട്ടികൾ സ്വാതന്ത്ര്യ രചനകൾ നടത്താൻ കൈത്താങ്ങ് നൽകുന്നു.
🌸 ഭാവാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
🌸 ആശയ ഗ്രഹണത്തിലൂടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

പ്രവർത്തനങ്ങൾ

🌸 സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു.
🌸 സ്വതന്ത്ര രചന പരിപോഷിപ്പിക്കുന്നതിന് അവസരം ഒരുക്കുന്നു.
🌸 ചെറിയ ചെറിയ വാക്യങ്ങളിലൂടെ സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.
🌸 അനുഭവവാധിഷ്ഠിതമായ ഭാഷാപഠനം സ്വായത്തമാക്കാൻ അവസരം ഒരുക്കുന്നു.
🌸 വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു.
🌸 കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

പ്രവർത്തനങ്ങൾ

🌸 വായനോത്സവം സംഘടിപ്പിക്കുന്നു.
🌸 ആസ്വാദ്യകരമായ വായന നടത്തുന്നു.
🌸 ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു.
🌸 രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു.

- ഭാഷ പ്രവർത്തനങ്ങൾ സർഗാത്മകവും സജീവവുമാകുന്നു.
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പി ക്കുകയും ചെയ്യുന്നു.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു.

നവംബർ

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ട വായന, നാട്ടുവായന, വീട്ടു വായന, ചിത്ര വായന ഇവയെ പ്രോത്സാഹിപ്പിക്കൽ.
- വായനോത്സവം തുടങ്ങുന്നു
- രചനോത്സവം തുടങ്ങുന്നു
- പത്രവായനയ്ക്ക് അവസരം ഒരുക്കൽ.
- താളാത്മകമായി കവിതകൾ ചൊല്ലൽ.

പ്രവർത്തനങ്ങൾ

- സംയുക്ത ഡയറിയിൽ കുട്ടി എഴുത്ത് കൂടുതലാക്കുന്നു.
- ചിത്ര വായന നടത്തുന്നു.
- ചെറിയ വായന കാർഡുകൾ ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ട വായന നടത്തുന്നു
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- നവമാധ്യമങ്ങളിലൂടെ ചിത്രങ്ങൾ പങ്കിട്ട് ചിത്രത്തിന് ചേർന്ന കഥകൾ എഴുതിക്കുന്നു. ചിത്രം വരയ്ക്കുന്നു.
- ദൈനംദിന അനുഭവങ്ങൾ വാർത്ത രൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം രൂപപ്പെടുത്തുന്നു.

ഡിസംബർ

പ്രവർത്തനങ്ങൾ

- ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമായി അവതരിപ്പിക്കും
- രചന ശേഷി പരിപോഷിപ്പിക്കൽ.
- ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാത്ത ഭാഷയിൽ എഴുതുന്നു.
- രണ്ടോ മൂന്നോ പേരടങ്ങുന്ന ചെറു ഗ്രൂപ്പുകളായി തിരിഞ്ഞ് പരസ്പര സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു.
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണ്ണതയോടെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- പരസ്പരം പിന്തുണ ഉറപ്പിച്ച് കൂട്ടെഴുത്ത് പരിപോഷിപ്പിക്കുന്നു.
- സംയുക്ത ഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

ജനുവരി

പ്രവർത്തനങ്ങൾ

🌸 കുട്ടികളെ എഴുത്തിന്റെ ലോകത്തിലേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശിൽപ്പശാലകൾ നടത്തുന്നു.
🌸 തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
🌸 കുട്ടികൾ എഴുതിയ ചെറുകവിതകൾ കഥകൾ എന്നിവയുടെ പ്രകാശനം.
🌸സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു..
🌸 കുട്ടികളുടെ സർഗ്ഗശേഷികൾ സമൂഹത്തിനുമുമ്പിൽ അവതരിപ്പിക്കുന്നു.
🌸 ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
🌸കുട്ടികളുടെ സ്വതന്ത്ര രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു.
🌸 മികവുകൾ സമൂഹത്തിനുമുമ്പിൽ പ്രകടിപ്പിക്കുന്നു.

ഫെബ്രുവരി

പ്രവർത്തനങ്ങൾ

🌸 ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തിൽ നടപ്പിലാക്കുന്നു.
🌸 കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
🌸ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവ സരം ഒരുക്കുന്നു.
🌸 ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
🌸 ഭാഷോത്സവത്തിൽ ജനപ്രതിനിധികളുടെ പ്രാതിനിധ്യം ഉറപ്പാക്കുന്നു.
🌸 സ്വന്തമായി രചനകൾ നടത്തി കുഞ്ഞെടുത്ത പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
🌸 ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു.
🌸 കുട്ടികളുടെ മികവുകൾ സമൂഹത്തിനും മുന്നിൽ പ്രകടിപ്പിക്കുന്നു.

മാർച്ച്

പ്രവർത്തനങ്ങൾ

🌸 കുട്ടികൾ തയ്യാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ ആക്കി പ്രകാശനം ചെയ്യുന്നു.
🌸വീട്ടുവായന,കൂട്ടവായന, നാട്ടുവായന, അമ്മ വായന, ചങ്ങല വായന,സ്വന്ത വായന ഇവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു.
🌸 ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ.

വിലയിരുത്തൽ പ്രവർത്തനങ്ങൾ.

🌸 കുട്ടികൾ സ്വതന്ത്ര രചയിതാക്കളായി മാറിയിട്ടുണ്ട്.
🌸 കുട്ടികളുടെ മികച്ച സ്വതന്ത്ര്യ രചനകളെ വായനക്കാർടുകളായി മാറ്റിയിട്ടുണ്ട്.
🌸 രചനോത്സവം ഭാഷാപ്രവർത്തനങ്ങളുമായി ഉറപ്പിച്ചിട്ടുണ്ട്
🌸 കുട്ടികളുടെ രചനകൾ ചേർത്ത് കുഞ്ഞെടുത്ത പുസ്തകം തയ്യാറാക്കുന്നു.
🌸 മികവുകൾ സമൂഹത്തിന് മുന്നിൽ എത്തിക്കുന്നു.
🌸 സംയുക്ത ഡയറി വഴി മികച്ച നേട്ടം കൈവരിക്കുന്നു.
🌸 സചിത്രപാഠം പ്രവർത്തനങ്ങൾ ക്ലാസ് മുറിയിൽ നടപ്പിലാക്കുന്നു.
🌸 സർഗാത്മകശേഷി വികസനത്തിനുള്ള കഴിവുകൾ, സാധ്യതകൾ ഉറപ്പാക്കുന്നു.
🌸 ഭാഷോത്സവത്തിന്റെ ഭാഗമായി പാട്ടുത്സവത്തിലെ മികവുകൾ അവതരിപ്പിക്കുന്നു.
🌸 എല്ലാ കുട്ടികളെയും സചിത്ര പാഠപുസ്തകത്തിൽ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്.

# അക്കാഡമിക് മാസ്റ്റർ പ്ലാൻ 2025 – 26

# ക്ലാസ്: 1

മേഖല – അക്കാദമികം

ഉപമേഖല – ഭാഷ

ക്ലാസ് I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഭാഷാ ശേഷി വികസനം | 1) ഭാഷാ കളരി കുട്ടിക ളിലും പാട്ടുകളും കഥ കളു മായി കുട്ടി കൂട്ടങ്ങൾ സംഘടിപ്പിക്കൽ. | സെപ്തംബർ ഒക്ടോബർ | ക്ലാസ് ടീച്ചർ SRG SMC സ്കൂൾ വികസന സമിതി. | SMC |
| | 2) <u>അമ്മ പറയട്ടെ</u> അമ്മമാർ കുട്ടി കഥകൾ അവതരിപ്പി ക്കുന്നു. | ജൂലൈ ഡിസംബർ ജനുവരി മാസത്തിലൊ രിക്കൽ | ക്ലാസ് ടീച്ചർ SRG മദർ പി.ടി.എ. | മദർ പി.ടി.എ. |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആഹാര ശീല ങ്ങളും, ഭക്ഷണ വസ്തുക്കളുടെ പ്രത്യേകതകളും തിരിച്ചറിവ്. | ഭക്ഷ്യമേള-പ്രദർശനം നാടൻ വിഭവങ്ങൾ ഉപ യോഗിച്ചുള്ള പാച കവും രുചി അറിവും | ജൂൺ- ജൂലൈ ആഗസ്റ്റ് | ക്ലാസ് ടീച്ചർ SRG SMC | SMC |
| പ്രകൃതിയെ അറി യുന്നതിനും ആസ്വദിക്കുന്ന തിനും | പുഷ്പോദ്യാനം, ഔഷ ധത്തോട്ടം, ചുറ്റുവട്ട ത്താകെ | ഡിസംബർ ജനുവരി | SRG SMC | |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - I

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളും നിർമാണ പ്രവർത്തനങ്ങളും ഉൾപ്പെടുത്തി ഗണിതം ലളിതമാക്കൽ | 1) ഗണിത മാഗസിൻ | ജൂൺ - മാർച്ച് | ടജഎ | SSA |
| | 2) ജ്യാമിതീയ രൂപങ്ങളുടെ നിർമാണം ഏകദിനക്യാമ്പ് | സപ്തംബർ | ക്ലാസ് ടീച്ചർ | |
| | 3) ഗണിതക്യാമ്പ് ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ | മാസത്തിൽ ഒന്ന് വീതം | SRG<br>ക്ലാസ് ടീച്ചർ | |

ലക്ഷ്യങ്ങൾ

- ഒന്ന് മുതൽ അഞ്ച് വരെയുള്ള സംഖ്യകൾ എണ്ണുന്നു എഴുതുന്നു.
- അഞ്ചു വരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- അഞ്ചുവരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒരക്ക സംഖ്യകൾ എണ്ണി എടുക്കുന്നു, എഴുതുന്നു, വായിക്കുന്നു.
- പത്തിൽ താഴെ വരെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- സംഖ്യകളെ ആരോഹണ- അവരോഹണ ക്രമത്തിൽ ആക്കുന്നു.
- രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം.
- രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം.
- ഒരക്ക സംഖ്യകളുടെ വ്യാഖ്യാനം.
- ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- ഒരക്ക സംഖ്യാപാറ്റേൺ രൂപീകരിക്കൽ.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

ജൂൺ

- സംഖ്യകൾ തിരിച്ചറിയുന്നു, പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ.

ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു.

ആഗസ്റ്റ്

- ഒന്ന് മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു.
- കൂടുതൽ, കുറവ് തിരിച്ചറിയുന്നു.
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയകൾ നടത്തൽ.
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ.
- ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്.
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ.

ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ടസംഖ്യ തിരിച്ചറിയൽ.
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ, ഇരട്ടസംഖ്യ എന്ന് തിരിച്ചറിവ്.
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ.
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ.

നവംബർ

- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു
- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതാൻ
- ഗണിത ആൽബം തയ്യാറാക്കൽ

ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്കസംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം, വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- ഒന്ന് മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.

ഫെബ്രുവരി

- ഗണിത ആൽബം പിടിഎയിൽ പ്രദർശിപ്പിക്കുന്നു.
- വില വിവരപ്പട്ടിക, പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

മാർച്ച്.

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ കമ്പ്ലീറ്റ് ചെയ്യുന്നു.
- ലളിതമായ ഗണിതക്രിയകളിൽ ഏർപ്പെടുന്നു.
- ഉല്ലാസഗണിതം പ്രവർത്തനങ്ങൾ.
- സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറിയുന്നു.

# അക്കാഡമിക് മാസ്റ്റർ പ്ലാൻ 2025 – 26

## <u>ക്ലാസ്:3</u>

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാഹിത്യ പ്രതിഭകളെ അടുത്തറിയാം | 1) കവികളെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം | ജൂൺ | അധ്യാപകർ<br>SMC | SMC |
| | 2) പുസ്തക ശേഖരണവും പ്രദർശനവും | ജൂൺ<br>ഡിസംബർ | അധ്യാപകർ<br>SMC | SMC |
| | 3) ചിത്ര ഗ്യാലറി | ജനുവരി | മദർ പി.ടി.എ<br>ക്ലബ്ബുകൾ | |
| വായനാ പരിപോഷണം | 1) പൊതു സമൂഹവുമായി ബന്ധപ്പെട്ട് പുസ്തക ശേഖരണം | നവംബർ | വായനശാല<br>SMC<br>SRG | ക്ലബ്ബ്<br>SMC<br>SRG |
| | 2) വായനാക്കളരി | ആഴ്ചയിലാണ് | | |
| | 3) നാട്ടുവായന - പ്രാദേശിക എഴുത്തുകാരുമായുള്ള സംവാദം | ആഗസ്ത് | ക്ലബ്ബുകൾ<br>സാഹിത്യ ക്ലബ്ബ് | വായനശാല |

മേഖല - അക്കാദമികം

ഉപമേഖല - പരിസരപഠനം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രാവബോധം വളർത്തുക | കണ്ടെത്താം അറിയാം<br>ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു.<br>കുറിപ്പു തയ്യാറാക്കൽ. | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | | |
| പ്രകൃതി വിഭവ സംരക്ഷണം | ജൈവ-വൈവിധ്യ പാർക്ക് തയാറാക്കൽ. മഴക്കുഴിനിർമ്മാണം<br>ജലസ്രോതസ്സുകൾ<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം | ജൂലൈ<br>ഡിസംബർ | | |
| ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം<br>പരീക്ഷണം വീട്ടിനകത്തും<br>ശാസ്ത്ര മാസികകൾ | | | |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ്- III

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയാം | ഒറിഗാമി ശില്പശാല<br>രസകരമായി ഗണിതപഠനവും<br>നിർമ്മാണ പ്രവർത്തനങ്ങളുടെ ആസൂത്രണവും.<br>ഒറിഗാമിടാൻഗ്രാം രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ | ഒക്ടോബർ | SRG<br>PTA | S S A |
| ഗണിതം ലളിതമാക്കാം കളികളിലൂടെ | മെട്രിക് മേള<br>ഗണിതോത്സവം | ജനുവരി | SRG<br>ക്ലാസ് ടീച്ചർ | S S A<br>Staff<br>S M C |

# മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| **വായന**<br>മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ക്ലാസ് ലൈബ്രറി വികസനം | അധ്യയന വർഷം മുഴുവൻ | സി പി ടി എ | സി പി ടി എ |
| | ക്ലാസ് ലൈബ്രറി ആകർഷകമാക്കൽ | ജൂൺ | അധ്യാപകൻ | അധ്യാപകൻ |
| | അമ്മ വായന<br>അമ്മമാരുടെ വായനാകുറിപ്പുകൾ സി പി ടി എ കളിൽ അവതരിപ്പിക്കുന്നു | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |
| | വായനാകാർഡുകൾ തയ്യാറാക്കൽ | ജൂൺ - ജൂലൈ | അധ്യാപകൻ | സി പി ടി എ |
| **ലേഖനം**<br>വിവിധ വ്യവഹാര രൂപങ്ങൾ ആസ്വദിക്കാനും എഴുതുവാനും ഉള്ള ശേഷി വികസിപ്പിക്കുക<br>- അക്ഷരം തെറ്റു കൂടാതെ എഴുതുവാനുള്ള ശേഷി കൈവരിക്കൽ, വിവിധ ഭാഷാവ്യവഹാരങ്ങൾ രചന നടത്തുവാനുള്ള ശേഷി കൈവരിക്കൽ | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട വിവിധ വ്യവഹാര രൂപങ്ങളിൽ രചനകൾ നടത്തുക<br>ജൂൺ 5 പരിസ്ഥിതി ദിനം പോസ്റ്റർ<br>ജൂൺ 19 വായനാദിനം വായനാവാരം<br>ആഗസ്റ്റ് 6 ഹിരോഷിമ ദിനം പോസ്റ്റർ<br>ആഗസ്റ്റ് 9 നാഗസാക്കി ദിനം | ജൂൺ<br>ജൂൺ<br>ആഗസ്റ്റ് | അധ്യാപകൻ | സി പി ടി എ |



jibin550@gmail.com

| | | | | |
|---|---|---|---|---|
| | പോസ്റ്റർ<br><br>ആഗസ്റ്റ് 15 സ്വാതന്ത്ര്യദിനം<br><br>സെപ്റ്റംബർ 5 അധ്യാപക ദിനം പഴയകാല അധ്യാപകരുമായി അഭിമുഖം<br><br>ഒക്ടോബർ 2 ഗാന്ധിജയന്തി കുറിപ്പ് തയ്യാറാക്കൽ<br>ഒക്ടോബർ 10 ദേശീയ തപാൽ ദിനം കൂട്ടുകാരനൊരു കത്ത്<br>നവംബർ 1 കേരളപ്പിറവി പ്രസംഗം<br>നവംബർ 14 ശിശുദിനം | ആഗസ്റ്റ്<br><br>സെപ്റ്റംബർ<br><br>ഒക്ടോബർ<br><br>ഒക്ടോബർ<br><br>നവംബർ | | |
| സർഗാത്മക പ്രകടനം | കുട്ടികൾ തയ്യാറാക്കിയ വിവിധ വ്യവഹാര രൂപങ്ങൾ അവതരിപ്പിക്കൽ<br>വേദി – സി പി ടി എ | അധ്യയന വർഷം മുഴുവൻ | സി പി ടി എ | ഇല്ല |


jibin550@gmail.com

# ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചതുരം ,വൃത്തം ത്രികോണം എന്നീ രൂപങ്ങളെക്കുറിച്ചുള്ള ധാരണ നൽകുന്നു | പ്രീ ടെസ്റ്റ് | ജൂൺ | അധ്യാപകൻ | പി ടി എ |
| | ഈർക്കിലുകൾ, കമ്പുകൾ, വള എന്നിവ ഉപയോഗിച്ച് ചതുരം,ത്രികോണം ,വൃത്തം എന്നിവ നിർമിക്കുന്നു. | ജൂൺ, ജൂലൈ | അധ്യാപകൻ, സി പി ടി എ | ഇല്ല |
| 999 വരെയുള്ള സംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു. | സംഖ്യാപാറ്റേണുകൾ | ആഗസ്റ്റ് | അധ്യാപകൻ | ഇല്ല |
| | • നാണയങ്ങൾ, കളിനോട്ടുകൾ<br>• പാറ്റേണുകൾ (ഗണിത ക്ലബ്ബ് ) | ആഗസ്റ്റ് | അധ്യാപകൻ, കുട്ടികൾ | സി പി ടി എ |
| എല്ലാ കുട്ടികളിലും സംഖ്യാബോധം ഉണ്ടാക്കുക | വസ്തുക്കൾ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കൽ | സെപ്റ്റംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| സങ്കലന- വ്യവകലന ക്രിയകൾക്ക് കുട്ടികളെ പ്രാപ്തരാക്കുക | • *മനഃ കണക്കുകൾ*<br>• *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ* | ഒക്ടോബർ - നവംബർ | അധ്യാപകൻ, കുട്ടികൾ | ഇല്ല |
| ഗുണന വസ്തുതകൾ നേടൽ | • *മനഃ കണക്കുകൾ*<br>• *മഞ്ചാടിക്കളി* | ഡിസംബർ - ജനുവരി | അധ്യാപകൻ, കുട്ടികൾ, സി പി ടി എ | ഇല്ല |
| ഹരണക്രിയയുമായി ബന്ധപ്പെട്ട ശേഷികൾ നേടൽ | • *നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ*<br>• *ഐ സി ടി വിഭവങ്ങൾ ഉപയോഗിച്ച്* | ഫെബ്രുവരി - മാർച്ച് | അധ്യാപകൻ, കുട്ടികൾ | ഇല്ല |



jibin550@gmail.com

# പരിസരപഠനം


| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നമ്മുടെ ചുറ്റുപാടിനെ കുറിച്ച് കുട്ടികളിൽ നല്ല ബോധം ഉണ്ടാക്കുക, ജൈവ വൈവിധ്യ ഉദ്യാന സംരക്ഷണം | സസ്യങ്ങളെ തരംതിരിക്കൽ<br>പ്രകൃതി നടത്തം - (പാടം, വിദ്യാലയത്തിലെ ജൈവ വൈവിധ്യ ഉദ്യാനം ) | ജൂൺ, ജൂലൈ | അധ്യാപകൻ | ഇല്ല |
| പ്രകൃതി സംരക്ഷണം | • മണ്ണ് ,ജലം , വായു എന്നിവ സംരക്ഷിക്കുന്നതിനാവശ്യമായ പോസ്റ്ററുകൾ സ്ഥാപിക്കുക<br>• മഴക്കുഴി നിർമാണം<br>• വിദ്യാലയത്തിലെ പ്ലാസ്റ്റിക് ശേഖരിച്ച് ഹരിതകർ മസേനക്ക് കൈമാറൽ | ആഗസ്റ്റ് - സെപ്റ്റംബർ | • അധ്യാപകൻ<br>• പി ടി എ<br>• ഹരിതകർ മസേന - പി ടി എ | • പി ടി എ |
| വ്യക്തി ശുചിത്വം | • കൈ കഴുകൽ - പരിശീലനം<br>• പോസ്റ്റർ നിർമാണം ശുചിത്വ സന്ദേശങ്ങൾ വിദ്യാലയത്തിലെ വിവിധ ഇടങ്ങളിൽ പതിക്കൽ | സെപ്റ്റംബർ- ഒക്ടോബർ | ജെ ആർ സി യൂണിറ്റ്<br>അധ്യാപകൻ, കുട്ടികൾ | പി ടി എ<br>ഇല്ല |


jibin550@gmail.com

# ENGLISH

| AIMS | ACTIVITIES | DURATION | CHARGE | ECONOMIC SOURCE |
|---|---|---|---|---|
| To study alphabets | • PRE-TEST<br>• Write simple words | June - July | Teacher, Students | P T A |
| To study , write and read simple words | Circle the word from TB and read | August - September | Teacher, Students | Nil |
| Create more opportunities for English speaking in the class room | Class room communication should be in English, like May I drinks some water ? May I Go to bathroom ?<br>• Hello.<br>• Hello, everyone.<br>• Good morning.<br>• Good morning everyone.<br>• Good morning class.<br>• Good Afternoon everyone.<br>• How are you?<br>• How are you all?<br>• How are you today?<br>• Let me take attendance etc | Academic year | Teacher, Students, Parents | Nil |


jibin550@gmail.com


ST. JOSEPH LPS
BALARAMAPURAM
Class 2
ACADEMIC
MASTER PLAN
2025-26

# ST. JOSEPH LPS

## Class 2

അക്കാദമിക് മാസ്റ്റർ പ്ലാൻ - രണ്ടാം ക്ലാസ്സ്
ലക്ഷ്യം: രണ്ടാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പാഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പാഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ:

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പാഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പാഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

# St. Joseph LPS

1. . പ്രവർത്തന കലണ്ടർ

| ക്രമനമ്പർ | പരിപാടിയുടെ പേര് | നിർവ്വഹണ കാലം |
|---|---|---|
| 1. | പ്രവർത്തന കലണ്ടർ | മെയ് |
| 2. | മധുരം മലയാളം | ജൂൺ മുതൽ മാർച്ച് വരെ |
| 3. | സംയുക്ത ഡയറി | ജൂൺ മുതൽ മാർച്ച് വരെ |
| 4. | പാട്ടരങ്ങ് | ജൂൺ മുതൽ മാർച്ച് വരെ |
| 5. | സചിത്ര പുസ്തകം | ജൂൺ മുതൽ മാർച്ച് വരെ |
| 6. | റീഡേഴ്സ് തിയേറ്റർ | ജൂലൈ മുതൽ മാർച്ച് വരെ |
| 7. | നാട്ടുവിശേഷം കൂട്ടെഴുത്ത് | ജൂലൈ മുതൽ മാർച്ച് വരെ |
| 8. | ക്ലാസ് പത്രം | ഓഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം |
| 9. | രചനോത്സവം | ജൂലൈ മുതൽ ഫെബ്രുവരി വരെ |
| 10. | വായനോത്സവം | ജൂൺ മുതൽ മാർച്ച് വരെ |
| 11. | ഭാഷോത്സവം | ജനുവരി |
| 12. | ഗണിത കേളികൾ | ജൂൺ മുതൽ മാർച്ച് വരെ |
| 13. | ഗണിത കിറ്റ് | ജൂൺ മുതൽ മാർച്ച് |

# St. Joseph LPS

| ക്രമനമ്പർ | പരിപാടിയുടെ പേര് | നിർവ്വഹണ കാലം |
|---|---|---|
| | | വരെ |
| 14. | പരീക്ഷണങ്ങൾ | ഓരോ മാസവും ഓരോന്ന് വീതം |
| 15. | ലഘു പ്രോജക്ട് | ഓരോ മാസവും ഓരോന്ന് വീതം |
| 16. | പരീക്ഷണ കിറ്റ് | ജൂൺ മുതൽ മാർച്ച് വരെ |
| 17. | | |
| 18. | | |
| 19. | | |
| 20. | | |
| 21. | | |

മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക | SRG, ക്ലാസ് ടീച്ചർ | ലക്ഷ്യം നേടുന്നതുവരെ | PTA ഫണ്ട് |

# St. Joseph LPS

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
|---|---|---|---|---|
| | പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | | | |
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ | പഠനം എളുപ്പമാക്കുക | HM, SRG, ക്ലാസ് ടീച്ചർ | വർഷം മുഴുവൻ | PTA |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ. | HM, SRG, ടീച്ചർ | വർഷം മുഴുവൻ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തക പരിചയം. | വായനാശീലം വളർത്തുക, ലൈബ്രറി ഉപയോഗപ്പെടുത്തുക. | HM, SRG, ടീച്ചർ | വർഷം മുഴുവൻ | PTA, CPTA |
| വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം. | വായനയുടെ ആഴം വർദ്ധിപ്പിക്കുക | HM, SRG, ടീച്ചർ | വർഷം മുഴുവൻ | CPTA |
| എഴുതാം | എഴുത്ത് | SRG, ക്ലാസ് | പ്രതിമാസം | PTA |

# St. Joseph LPS

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
|---|---|---|---|---|
| തെളിയാം | പരിപോഷിപ്പിക്കൽ. | ടീച്ചർ | (വർഷം മുഴുവൻ) | |
| പാഠഭാഗങ്ങളിൽ നിന്നും പാഠ പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു. സ്വതന്ത്രരചന നടത്താനുള്ള ശേഷി നേടുന്നു. | ക്ലാസ് ടീച്ചർ, രക്ഷിതാവ് | ജൂൺ-മാർച്ച് | CPTA (₹ 2000) |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ. | ക്ലാസ് ടീച്ചർ | ആവശ്യാനുസരണം | |
| കണ്ടറിയാം... കേട്ടറിയാം... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT). | ക്ലാസ് ടീച്ചർ | ആവശ്യാനുസരണം | PTA |

# St. Joseph LPS

| പ്രവർത്തനം | ലക്ഷ്യം | ചുമതലകൾ | കാലം | സാമ്പത്തികം |
|---|---|---|---|---|
| രുചിച്ചറിയാം ... | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | SRG, ക്ലാസ് ടീച്ചർ, PTA | വർഷത്തിലൊന്ന് | |
| ഓർക്കാം അഭിമാനിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ. | SRG, ക്ലാസ് ടീച്ചർ, CPTA | ആവശ്യാനുസരണം | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | HM, SRG, CPTA, ക്ലാസ് ടീച്ചർ | | PTA |
| സർഗ്ഗോത്സവം/കലാവതരണം | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | SRG, CPTA, ക്ലാസ് ടീച്ചർ | വർഷത്തിലൊരിക്കൽ | PTA |

**4.** വിരിയുന്ന ചിന്തകൾ (ഇംഗ്ലീഷ് ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് | ഇംഗ്ലീഷ് | ആഴ്ചയിൽ | ക്ലാസ് ടീച്ചർ | |

# St. Joseph LPS

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| അസംബ്ലി | ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ. | രണ്ട് ദിവസം (വർഷം മുഴുവൻ) | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് എഴുതാനുള്ള ശേഷി. | ആഴ്ചയിൽ മൂന്ന് ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകത പരിപോഷണം. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകത, രചനശേഷി വികസനം. | മൂന്ന് മാസം കൂടുമ്പോൾ / മാസത്തിലൊരിക്കൽ | HM, ക്ലാസ് ടീച്ചർ, SMC | SMC |
| ഇംഗ്ലീഷ് കൈയെഴുത്ത് | രചനാമികവ്. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം. | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| ഇംഗ്ലീഷ് | ഇംഗ്ലീഷ് | വർഷത്തി | SRG, | PTA ഫണ്ട് |

# St. Joseph LPS

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ഫെസ്റ്റ് | നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ). | ലൊന്ന് (അവധിക്കാലം) | SMC, ക്ലാസ് ടീച്ചർ | |

**5.** കളിക്കാം... ഗണിക്കാം... (ഗണിത പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ | ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ). | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| ഒറിഗാമിയിലൂടെ പഠിക്കാം | ഗണിത ശാസ്ത്ര പഠനം രസകരമാക്ക | വർഷത്തിലൊരിക്കൽ | ക്ലാസ് ടീച്ചർ | PTA |

# St. Joseph LPS

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | ൽ, കര ചലന ശേഷി വികാസം. | | | |
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM, SRG, ടീച്ചർ | PTA |
| ഗണിതച്ചുമർ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത പഠനോപകരണ ശില്പശാല | പഠനോപകരണങ്ങളിലൂടെ ഗണിത പഠനം രസകരമാക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ഗണിതമേള | ഗണിത ശേഷികളുടെ പ്രകടനം. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |

**6.** അറിയാം... അടുത്തറിയാം... (പരിസര പഠനം)

# St. Joseph LPS

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതി നടത്തം | നിരീക്ഷണം - അറിവ് നിർമ്മാണം. | ആവശ്യാനുസരണം | HM, CPTA | PTA |
| ശാസ്ത്രമൂല | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | വർഷം മുഴുവൻ | HM, SRG, ടീച്ചർ | PTA, SSA |
| ശാസ്ത്രയാത്ര | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ - അന്വേഷണത്വര വളർത്തൽ. | ആവശ്യാനുസരണം | HM, SRG, CPTA, ക്ലാസ് ടീച്ചർ | |
| ഭൂപടമൊരുക്കാം | ഭൂപട വായന, ഭൂപട രചന, സൂചിക. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | |

# അക്കാഡമിക് മാസ്റ്റർ പ്ലാൻ

# 2025 - 26

# <u>ക്ലാസ്:4</u>

## സെന്റ്,ജോസഫ്സ് എൽ.പി.എസ്

## ബാലരാമപുരം

ലക്ഷ്യം: നാലാം ക്ലാസ്സിലെ വിദ്യാർത്ഥികൾക്ക് ഭാഷയിലും, ഗണിതത്തിലും, പരിസര പഠനത്തിലും സമഗ്രവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുക. ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുക.

പൊതു തത്വങ്ങൾ:

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗ്ഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതിക വിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

1. മധുരം മലയാളം (ഭാഷാ പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലക്കാർ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ. | ലക്ഷ്യം നേടുന്നതുവരെ | SRG, ക്ലാസ് ടീച്ചർ | PTA ഫണ്ട് |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ. | | | | |
| വായിക്കാം വളരാം | വായനാശേഷി വളർത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ- പുസ്തക പരിചയം. | | | | |
| വായനാ കുറിപ്പ്, ആസ്വാദന കുറിപ്പ്, പുസ്തക സംവാദം. | | | CPTA | |
| എഴുതാം തെളിയാം | എഴുത്ത് പരിപോഷിപ്പിക്കൽ. | പ്രതിമാസം (വർഷം മുഴുവൻ) | SRG, ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | | | | |
| എഴുത്തുകാരുമായി സംവദിക്കൽ | ലേഖന ശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ. | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | |
| സാഹിത്യകാരന്മാരുമായി എഴുത്തിലൂടെ സംവദിക്കൽ. | | | | |
| കണ്ടറിയാം... കേട്ടറിയാം... | അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT). | ആവശ്യാനുസരണം | ക്ലാസ് ടീച്ചർ | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | | | | |
| രുചിച്ചറിയാം... | നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ, PTA | |
| ഭക്ഷ്യമേള - പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ. | | | | |
| ഓർക്കാം - അഭിമാനിക്കാം (സാഹിത്യകാരന്മാർ) | സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ, CPTA | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലകൾ | സാമ്പത്തികം |
| --- | --- | --- | --- | --- |
| സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം, ക്വിസ്, ലഘു പ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം. | | | | |
| കലക്കൂട്ട് | പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | വർഷത്തിലൊന്ന് | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്. | | | | |
| ഭാഷാ പഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ/പ്രദർശനം (സർഗ്ഗോത്സവം, കലാവതരണം, കലാ ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം). | | വർഷത്തിലൊരിക്കൽ | SRG, CPTA, ക്ലാസ് ടീച്ചർ | PTA |
| കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | | | HM | |

**2.** വിരിയുന്ന ചിന്തകൾ **(**ഇംഗ്ലീഷ് ഭാഷാ പഠനം**)**

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
| --- | --- | --- | --- | --- |
| ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും സംസാരിക്കാനും എഴുതാനും ശേഷി മെച്ചപ്പെടുത്തൽ. | ആഴ്ചയിൽ രണ്ടു ദിവസം (വർഷം മുഴുവൻ) | ക്ലാസ് ടീച്ചർ | |
| അസംബ്ലി ചേരൽ (നിയന്ത്രണം കുട്ടികൾക്ക്). | | | | |
| ഇംഗ്ലീഷ് ഡയറി | തെറ്റില്ലാതെ ഇംഗ്ലീഷ് | ആഴ്ചയിൽ മൂന്ന് | ക്ലാസ് ടീച്ചർ | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | എഴുതാനുള്ള ശേഷി. | ദിവസം (വർഷം മുഴുവൻ) | | |
| നിത്യവും വീട്ടിലും വിദ്യാലയത്തിലും നടത്തുന്ന പ്രവർത്തനങ്ങൾ ഇംഗ്ലീഷ് ഡയറി കുറിപ്പായി എഴുതൽ. | | | | |
| ഇംഗ്ലീഷ് തിയേറ്റർ | സർഗാത്മകതാ പരിപോഷണം. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | SMC |
| ഇംഗ്ലീഷ് പാഠഭാഗങ്ങളെ വ്യവഹാര രൂപങ്ങളാക്കി അവതരിപ്പിക്കൽ (Skit, Drama, Conversation, Story Telling). | | | | |
| ഇംഗ്ലീഷ് മാഗസിൻ | സർഗാത്മകതാ രചനശേഷി വികസനം. | മൂന്ന് മാസത്തിലൊരിക്കൽ | HM, ക്ലാസ് ടീച്ചർ, SMC | SMC |
| മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിക്കൊണ്ട് മാസിക തയ്യാറാക്കൽ. | | | | |
| ഇംഗ്ലീഷ് കൈയെഴുത്ത് | ഇംഗ്ലീഷ് ഭാഷയിലുള്ള രചനാ മികവ്. | മാസത്തിലൊന്ന് | ക്ലാസ് ടീച്ചർ | PTA |
| സ്കൂളിലെ വിശേഷ ദിവസങ്ങളിലെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് സുഹൃത്തുക്കളുമായി കത്തിടപാടുകൾ നടത്തൽ. | | | | |
| ഇംഗ്ലീഷ് കോർണർ | വായനാ പരിപോഷണം. | രണ്ടാഴ്ചയിൽ ഒന്ന് | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ |
| കുട്ടികളുടെ നിലവാരത്തിനനുസരിച്ച പുസ്തകങ്ങൾ ഉൾക്കൊള്ളിച്ച് വായനാ മൂല ഒരുക്കൽ, വായനാവേള ഒരുക്കൽ, വായനാകുറിപ്പ് - | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| പുസ്തക പരിചയം. | | | | |
| ഇംഗ്ലീഷ് ഫെസ്റ്റ് | ഇംഗ്ലീഷ് നന്നായി പറയുവാനും എഴുതുവാനും കഴിയുന്ന നിലവാരത്തിലെത്തിക്കൽ (ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം ഉണ്ടാക്കൽ). | വർഷത്തിലൊന്ന് (അവധിക്കാലം) | SRG, SMC, ക്ലാസ് ടീച്ചർ | PTA ഫണ്ട് |
| വായനാ മത്സരം, രചനാ മത്സരം, മറ്റു സർഗാത്മക പ്രവർത്തനങ്ങളുടെ അവതരണം. | | | | |

3. കളിക്കാം... ഗണിക്കാം... (ഗണിത പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ-നടപ്പാക്കൽ | ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ). | വർഷം മുഴുവൻ | SRG, ക്ലാസ് ടീച്ചർ | |
| മൂല്യനിർണയം (ഏണിയും പാമ്പും, ഡയസ് കളി, സങ്കലനം-വ്യവകലനം, കച്ചവടക്കളി). | | | | |
| ഒറിഗാമിയിലൂടെ പഠിക്കാം.. | ഗണിത ശാസ്ത്ര പഠനം രസകരമാക്കൽ- കര ചലന ശേഷി വികാസം. | വർഷത്തിലൊരിക്കൽ (ഉചിതമായ സമയത്ത്) | ക്ലാസ് ടീച്ചർ | PTA |
| ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിത ലാബ് | ഗണിത പഠനം സുതാര്യമാക്കൽ, ഗണിത ലാബ് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ഗണിതച്ചുമർ | ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | PTA |
| ഗണിത ചുമർ ഒരുക്കൽ-പഠനത്തിന് ഉപയോഗപ്പെടുത്തൽ. | | | | |
| ഗണിത | പഠനോപകരണങ്ങളി | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
| --- | --- | --- | --- | --- |
| പഠനോപകരണ ശില്പശാല | ലൂടെ ഗണിത പഠനം രസകരമാക്കൽ. | | | |
| പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം. | | | | |
| ഗണിതമേള | ഗണിത ശേഷികളുടെ പ്രകടനം. | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |
| പ്രശ്നോത്തരി, പസിൽ, പാറ്റേൺ, പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം. | | | | |

**4.** അറിയാം... അടുത്തറിയാം... (പരിസര പഠനം)

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
| --- | --- | --- | --- | --- |
| പ്രകൃതി നടത്തം | നിരീക്ഷണം-അറിവ് നിർമ്മാണം. | ആവശ്യാനുസരണം | HM, CPTA | PTA |
| പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രമൂല | ശാസ്ത്ര പഠനം ലളിതവും രസകരവുമാക്കൽ. | വർഷം മുഴുവൻ | HM, SRG, ക്ലാസ് ടീച്ചർ | PTA, SSA |
| ശാസ്ത്ര പഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ. | | | | |
| ശാസ്ത്രയാത്ര | ശാസ്ത്ര പഠനത്തിൽ താൽപര്യം ജനിപ്പിക്കൽ-അന്വേഷണ ത്വര വളർത്തൽ. | ആവശ്യാനുസരണം | HM, SRG, CPTA, ക്ലാസ് ടീച്ചർ | PTA, രക്ഷിതാക്കൾ |
| വാന നിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക്, ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ, ഫോക്ക്‌ലോർ അക്കാദമി ഇവ സന്ദർശിക്കൽ. | | | | |
| ഭൂപടമൊരുക്കാം | ഭൂപട വായന, ഭൂപട രചന, സൂചിക | വർഷത്തിലൊന്ന് | SRG, ക്ലാസ് ടീച്ചർ | PTA |

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| | പരിചയപ്പെടൽ, സൂചികാ നിർമ്മാണം, കളങ്ങൾ ഉപയോഗിക്കൽ. | | | |
| കേരളം - ഇന്ത്യ- ഭൂപട വായന. | | | | |
| ശാസ്ത്ര വിസ്മയ ചുമർ | ശാസ്ത്ര പഠനം രസകരമാക്കൽ. | ആവശ്യാനുസരണം | SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ. | | | | |
| ശാസ്ത്രോത്സവം | ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം. | വർഷത്തിലൊരിക്കൽ | HM, SRG, ക്ലാസ് ടീച്ചർ | PTA |
| പഠന ഉൽപ്പന്നങ്ങളുടെ പ്രദർശനം (പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം). | | | | |
| ശാസ്ത്രമാസിക | അറിവുകളുടെ രചന. | വർഷത്തിലൊന്ന് | HM, SRG, ക്ലാസ് ടീച്ചർ | PTA |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ ശാസ്ത്ര മാസികകളുടെ നിർമ്മാണം. | | | | |

**5.** അറിവിന്റെ പടവുകൾ (അറബി ഭാഷാ പഠനം)

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു. | അക്ഷരവായന, ക്ലാസ് വായന, ലൈബ്രറി വായന, ചിത്ര വായന, മാഗസിൻ വായന, വീട്ടുവായന, കഥാ വായന, വായനാമത്സരങ്ങൾ, മോണിറ്ററിംഗ്. | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA, SRG |
| ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന് | വാക്യങ്ങൾ ഉറപ്പിക്കൽ, വ്യാകരണങ്ങൾ, ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|---|
| | സംഭാഷണങ്ങൾ കേൾപ്പിക്കുന്നു, ലാംഗ്വേജ് ഗെയിംസ്, റോൾ പ്ലേ, ക്ലാസ് സംഭാഷണം, കാർട്ടൂൺ പ്രദർശനം. | | | | |
| പദസമ്പത്ത് വർദ്ധിപ്പിക്കൽ, ഡ്രമാറ്റൈസേഷൻ. | | | ഫെബ്രുവരി | | |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | അക്ഷരങ്ങൾ ഉറപ്പിക്കൽ, പദങ്ങൾ ഉറപ്പിക്കൽ, ചിഹ്നങ്ങൾ ഉറപ്പിക്കൽ, കുട്ടി എഴുത്ത്, അക്ഷരക്കാർഡ് നിർമ്മാണം, കൈയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമ്മാണം, ചാർട്ടെഴുത്ത്, ചിത്രകഥ നിർമ്മിക്കൽ. | I-IV | ജൂൺ-മാർച്ച് | അധ്യാപകർ | അധ്യാപകർ, PTA |
| Translation: Malayalam to Arabic, Arabic to Malayalam, Arabic to English, English to Arabic. | | II-IV | ജൂൺ-മാർച്ച് | | |

# അക്കാഡമിക് മാസ്റ്റർ പ്ലാൻ

# الخطة الرئيسية الأكاديمية

# 2025 - 26

# അറബിക്

# العربي

القديس يوسف إل بي إس.
بالارامابورام

**സെന്റ്,ജോസഫ്സ് എൽ.പി.എസ്**

**ബാലരാമപുരം**

Downloaded from: https://textbooksall.blogspot.com/

മേഖല - അക്കാദമികം

ഉപമേഖല - അറബിക്

ക്ലാസ്- **I to IV**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു. | - അക്ഷരവായന<br>- ക്ലാസ് വായന<br>- ലൈബ്രറി വായന<br>- ചിത്ര വായന<br>- മാഗസിൻ വായന<br>- വീടുവായന<br>- കഥാ വായന<br>- വായനാമത്സരങ്ങൾ<br>- മോണിറ്ററിംഗ്<br>- വാക്യങ്ങൾ ഉറപ്പിക്കൽ<br>- വ്യാകരണങ്ങൾ<br>- ഇ-വായന | I- II<br>I- II<br>III- IV<br>I- IV<br>III- IV<br>I- IV<br>III- IV<br>II- III-IV<br>I- IV<br>III- IV<br>I- IV | ജൂൺ-ജൂലൈ<br>ജൂൺ-ഫെബ്രുവരി<br>നവംബർ-ഡിസംബർ<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA<br>SRG |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന്. | -ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു.<br>- ലാംഗ്വേജ് ഗെയിംസ്<br>- റോൾ പ്ലേ<br>- ക്ലാസ് സംഭാഷണം<br>- കാർട്ടൂൺ<br>- പ്രദർശനം<br>- പദസമ്പത്ത് വർദ്ധിപ്പിക്കൽ<br>- ഡ്രാമറ്റൈസേഷൻ | I- IV<br>I- IV<br>I- IV<br>III- IV<br>I- IV | ജൂലൈ -മാർച്ച്<br>ജൂലൈ -മാർച്ച്<br>ആഗസ്റ്റ്- ഫെബ്രുവരി | അധ്യാപകർ | അധ്യാപകർ<br>PTA |
| അറബി ഭാഷാ എഴുത്തിന്റെ പരിപോഷണം | - അക്ഷരങ്ങൾ ഉറപ്പിക്കൽ<br>- പദങ്ങൾ ഉറപ്പിക്കൽ<br>- ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>- കൂട്ടി എഴുത്ത്<br>- അക്ഷരക്കാർഡ് നിർമ്മാണം<br>- കൈയ്യെഴുത്ത് മാസിക<br>- ചുമർ പത്രിക നിർമ്മാണം<br>- ചാർട്ടെഴുത്ത്<br>- ചിത്രകഥ നിർമ്മിക്കൽ<br><br>Translation.<br>-Malayalam to Arabic<br>-Arabic to Malayalam<br>Arabic to English<br>-English to Arabic | III- IV<br>I- II<br>I- II<br>I- II<br>I- II<br>I- II<br>III- IV<br>III- IV<br>II- III-IV<br>II- III-IV<br>I- IV | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച്<br>ഡിസംബർ<br>സപ്തംബർ - മാർച്ച്<br>ഒക്ടോബർ ഫെബ്രുവരി<br>ജൂൺ - മാർച്ച് | അധ്യാപകർ | അധ്യാപകർ<br>PTA |

| | | | | | |
|---|---|---|---|---|---|
| കവിത കേട്ട് ആസ്വദിക്കുന്നു<br><br>മാഗസിൻ നിർമ്മാണം | ചെറിയ കവിതകൾ കഥകൾ വായിച്ച് അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ ഉപചാരമാക്കുക പുതിയ പദങ്ങൾ എന്നിവ തിരിച്ചറിയുകയും വായിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു ചിത്രങ്ങൾ വരക്കാം | ചെറിയ കഥാകവിത ബുക്കുകൾ വീടുകളിൽ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br><br>ക്ലാസിൽ പദങ്ങൾ കണ്ടെത്തി മത്സരം നടത്തുന്നു | ചിത്രങ്ങൾ അക്ഷരങ്ങൾ പദങ്ങൾ ഉപചാര വാക്കുകൾ കഥ കവിത ശേഖരിച്ചത് ഇവയെല്ലാം ഉൾപ്പെടുത്തി ഒരു മാഗസിൻ നിർമ്മാണം | CPTA | ഡിസംബർ - മാർച്ച് |
| ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുകൾ നിർമ്മിച്ച ചെറിയ വിവരങ്ങൾ നൽകുന്നു | രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരയ്ക്കുന്നതിനും സഹായം തേടുന്നു | | | ജൂൺ - മാർച്ച് |

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| പദനിർമാണം<br>പദശേഖരണം | 1.അക്ഷരക്കാർഡുകൾ നൽകി പദങ്ങൾ നിർമ്മിക്കാൻ പരിശീലനം നൽകുന്നു<br>2.പാഠപുസ്തകങ്ങൾക്ക് പുറമേ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകാം<br>3. പദനിർമാണ മത്സരങ്ങൾ നടത്തുന്നു | രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു<br><br>ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം | | CPTA | ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| ഉപചാര വാക്കുകൾ മനസിലാക്കുന്നു | പാഠപുസ്തകത്തിലെ ഉപചാര വാക്കുകൾ<br>.........................................<br>നിത്യേന ക്ലാസ്സിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു | വീടുകളിലും സന്ദർഭത്തിനനുസ-രിച്ച് പറഞ്ഞു ശീലിക്കാൻ | | CPTA | ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ |

ലക്ഷ്യങ്ങൾ :- 1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തു രീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്
2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന പദനിർമ്മാണം പദശേഖരണം
3. ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു പറയുന്നു
4. കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്
5. മാഗസിൻ നിർമ്മാണം
6. ദിനാചരണങ്ങൾ പരിചയപ്പെടുന്നു

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവ്വഹണ കാലയളവ് |
|---|---|---|---|---|---|
| 1. അക്ഷര വായന<br>• എഴുത്തുരീതി<br>• ചിഹ്നങ്ങൾ ചേർത്തു വായന | 1.അക്ഷരകാർഡുകൾ നൽകുന്നു<br>2.അക്ഷരങ്ങൾക്ക് നിറം നൽകാൻ<br>3.ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു<br>4.അക്ഷരങ്ങൾ outline നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു<br>5. ICTഉപയോഗിക്കുന്നു | 1.തെറ്റായരീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരീക്ഷിക്കുന്നു<br>2.രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു<br>3. അക്ഷരപഠന സഹായി ഉപയോഗിക്കുന്നു<br>4. വീടുകളിൽ അക്ഷരച്ചാർട്ട് | 1.കുട്ടികൾ വായിക്കുന്നു ഉച്ചാരണശുദ്ധി ഉണ്ടാകുന്നു<br>2.ചിഹ്നങ്ങൾ തിരിച്ചറിയുന്നു | CPTA | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് |